പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2544 **28-10-2026-ൽ മറുപടിയ്ക്ക്**

അംബേദ്കർ പദ്ധതി പ്രകാരം നിർമ്മിക്കുന്ന ആസ്തികൾ സംരക്ഷിക്കുന്നതിന് 'മൈക്രോ പ്ലാൻ'

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സ്റ്റീഫൻ ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) ഉന്നതികളുടെ സമഗ്രവികസനത്തിനായി അംബേദ്കർ പദ്ധതി പ്രകാരം നിർമ്മിക്കുന്ന സാംസ്കാരിക നിലയങ്ങൾ, പഠന മുറികൾ, റോഡുകൾ, കുടിവെള്ള പദ്ധതികൾ എന്നിവയുടെ നിർമ്മാണത്തിന് ശേഷം അവ കൃത്യമായി സംരക്ഷിക്കുന്നതിനോ അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ ഉള്ള തുടർച്ചയായ സംവിധാനം ഇല്ലാത്തത് കാരണം കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ ആസ്തികൾ നശിച്ചു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഇല്ല.

അംബേദ്ക്കർ ഗ്രാമം പദ്ധതി പ്രകാരം നിർമ്മിക്കുന്ന പൊതു ആസ്തികളുടെ സംരക്ഷണം വകുപ്പിന്റെ കോർപ്പസ് ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ SCSP ഫ്രണ്ട് എന്നിവ ഉപയോഗിച്ച് നടത്താൻ സാധിക്കുന്നതാണ്. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾക്കും കൃത്യമായ സംരക്ഷണത്തിനുമായി പ്രത്യേക പരിപാലന സംവിധാനം പദ്ധതിയുടെ ആസൂത്രണ ഘട്ടത്തിൽ തന്നെ രൂപം നൽകാവുന്നതാണ്.

(ബി) എങ്കിൽ ഇതിന് സ്ഥായിയായ ഒരു പരിഹാരം കണ്ടെത്തുന്നതിനായി ഒരു മൈക്രോ പ്ലാൻ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ